"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.എ.(അറബിക്) ശ്രീ.ഷിഹാബുദ്ദീൻ ഇ.പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22012/2022-ന്റെ 17.01.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2377/2025/GEDN തീയതി,തിരുവനന്തപുരം, 01-04-2025**

പരാമർശം:-
1. ശ്രീ.ഷിഹാബുദ്ദീൻ ഇ.പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22012/2022-ന്റെ 17.01.2024-ലെ വിധിന്യായം
2. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.02.2024-ലെ ബി5/587/2023 നമ്പർ കത്ത്

**ഉത്തരവ്**

തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(അറബിക്) ശ്രീ.ഷിഹാബുദ്ദീൻ ഇ.പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22012/2022-ന്മേൽ 17.01.2024-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

**2)** തൃക്കടീരി പി.ടി.എം. ഹൈസ്കൂളിൽ 2004-2005 അദ്ധ്യയന വർഷം പുതുതായി സൃഷ്ടിച്ച തസ്തികയിൽ 22/07/2004 മുതൽ തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (അറബിക്) ആയി ഹർജിക്കാരനെ നിയമിച്ചു. സ്കൂൾ പുതുതായി തുറന്ന സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നതാണെന്നും സ്പെഷ്യലിസ്റ്റ്, ഭാഷാധ്യാപകരുടെ എല്ലാ ഒഴിവുകളും സംരക്ഷിത അധ്യാപകർക്ക് മാത്രമേ നികത്താൻ കഴിയൂ എന്നുമുള്ള കാരണങ്ങളാൽ പ്രസ്തുത നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

**3)** ഇതിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും

ആയത് നിരസിക്കപ്പട്ടു. ജി.ഒ.(പി.)നം.199/2011/പൊ.വി.വ പ്രകാരം ഹർജിക്കാരന്റെ നിയമനം 01/06/2011 പ്രാബല്യത്തിൽ അംഗീകരിച്ച നൽകി.

**4)** തുടർന്ന്, ഹർജിക്കാരൻ സർക്കാർ മുമ്പാകെ റിവിഷൻ സമർപ്പിച്ചതിനൊപ്പം ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.19695/2021 ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത റിട്ട് ഹർജിയിലെ 02.09.2021-ലെ വിധിന്യായത്തിലെ നിർദ്ദേശാനുസരണം ഈ വിഷയം പരിശോധിച്ച സർക്കാർ താഴെപ്പറയുന്ന കാരണങ്ങളാൽ ടിയാന്റെ 22.07.2004 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് 11.04.2022-ലെ സ.ഉ.(സാധാ.)നം.2358/2022/പൊവിവ പുറപ്പെടുവിച്ചു.

*ഒന്ന്) തുക്കടീരി പി.ടി.എം ഹൈസ്കൂൾ പുതുതായി ആരംഭിച്ച സ്കൂളുകളുടെ വിഭാഗത്തിൽ പെടുന്നതാണ്. ഇത്തരം സ്കൂളുകളിലെ ഭാഷാധ്യാപകരുടെയും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും ഒഴിവുകൾ സംരക്ഷിതാധ്യാപകരെക്കൊണ്ട് നികത്തേണ്ടതാണെന്ന G.O(Ms) 123/91/G.Edn തിയതി 05/08/91 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തണമെന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി. നിയമനം നിരസിച്ചു. ശ്രീ.ഇ.പി.ഷിഹാബുദ്ദീന്റെ പേര് സ.ഉ.(പി.) നം.46/2006/പൊ.വി.വ തിയതി 01/02/2006 പ്രകാരമുള്ള 402 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും മാനേജർ ആ കാലത്ത് ഒരു പോസ്റ്റ് സംരക്ഷിതാധ്യാപകർക്കായി ഒഴിച്ചിട്ടിരുന്നില്ല.*

*രണ്ട്) ഇത്തരം സ്കൂളുകളിൽ GO(P)178/02/GEdn. Dt. 28.06.2002 പ്രകാരം എല്ലാ ഒഴിവുകളും പ്രൊട്ടക്റ്റഡ് ടീച്ചറെ വച്ചു നികത്തണമായിരുന്നു. പ്രസ്തുത ഉത്തരവ് നിലനിൽക്കെയാണ് ശ്രീ ഷിഹാബുദ്ദീന്റെ നിയമനം നടത്തിയിട്ടുള്ളത്. പിന്നീട് GO(P)46/06/GEdn. Dt. 01.02.2006 പ്രകാരം ഇപ്രകാരം ക്രമരഹിതമായി നിയമിക്കപ്പെട്ട 420 പേരുടെ നിയമനങ്ങൾ അതിലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുന്നതിന് അനുമതി നൽകിയിരുന്നു. ശ്രീ.ഷിഹാബുദ്ദീന്റെ പേര് അതിൽ ഉൾപ്പെട്ടിട്ടില്ല. എന്തുകൊണ്ട് ഉൾപ്പെടാതെപോയി എന്നതിന് ഹർജിക്കാരനോ വിദ്യാഭ്യാസ ഓഫീസറോ മാനേജരോ വ്യക്തമായ വിവരം നൽകിയിട്ടില്ല. അതുകൊണ്ട് അവ്യക്തമായ സാഹചര്യങ്ങളിൽ പെടുന്നതായ ഹർജിക്കാരന്റെ ആവശ്യം അനുവദിക്കുന്നതിന് സാദ്ധ്യമല്ല.*

**5)** സ.ഉ.(സാധാ)നം.2358/2022/പൊവിവ തിയതി 11.04.2022-നെതിരായാണ് ശ്രീ.ഇ.പി.ഷിഹാബുദ്ദീൻ WP(C)No.22012/2022 ഫയൽ ചെയ്തിരിക്കുന്നത്. 28.06.2002-ലെ സ.ഉ.(പി)നം.178/02/പൊവിവ പ്രകാരം തയാറാക്കിയ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് കൈമാറിയിരുന്നില്ല എന്നും, 2004-05 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം ഒരു എച്ച്.എസ്.എ.(അറബിക്) പോസ്റ്റ് പുതുതായി അനുവദിച്ചിരിക്കുന്നതിനാൽ ടിയാന് നിലനില്ക്കുന്നതിന് തസ്തികയുണ്ട് എന്നും നിരീക്ഷിച്ച ബഹു.കോടതി ഹർജിക്കാരന്റെ നിയമനം നിരസിച്ചു കൊണ്ടുള്ള സർക്കാർ നിലപാടിനെ നിരാകരിച്ച് 11.04.2022-ലെ സ.ഉ.(സാധാ)നം.2358/2022/പൊവിവ റദ്ദ് ചെയ്യുകയും, ഹർജിക്കാരന്റെ എച്ച്.എസ്.എ.(അറബിക്) തസ്തികയിലെ 22.07.2004 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിച്ച് സാമ്പത്തിക ആനുകൂല്യം വിതരണം ചെയ്യുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നല്കുകയും ചെയ്തുകൊണ്ടാണ് റിട്ട് ഹർജിയിൽ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നത്.

**6)** ശ്രീ.ഷിഹാബുദ്ദീനെ നിയമിച്ച ഒഴിവ് സംരക്ഷിതാധ്യാപകരെക്കൊണ്ടാണ് നികത്തേണ്ടിയിരുന്നത് എന്നതിനാലാണ് ടിയാന്റെ നിയമനം അംഗീകരിക്കാതിരുന്നത് എന്നും, GO(P)No.46/06/GEdn. Dt. 01.02.2006-ലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുന്നതിന് അനുമതി നൽകിയിരുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ ശ്രീ.ഷിഹാബുദ്ദീന്റെ പേര് ഉൾപ്പെട്ടിരുന്നില്ല എന്നും, 2004-05 അദ്ധ്യയന വർഷത്തെ തസ്തിക നിർണയം പ്രകാരം ഒരു എച്ച്.എസ്.ടി.(അറബിക്) അധിക ഡിവിഷൻ തസ്തിക അനുവദിച്ചിരുന്നു എന്നും, പ്രസ്തുത തസ്തിക പിന്നീടുള്ള വർഷങ്ങളിലും തുടർന്നു വന്നിരുന്നു എന്നും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫിസർ റിപ്പോർട്ട് ചെയ്തിരുന്നു.

**7)** പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന തൃക്കടീരി പി.ടി.എം ഹൈസ്കൂളിൽ 05/08/91-ലെ G.O.(Ms)No.123/91/G.Edn, 28.06.2002-ലെ GO(P)No.178/02/GEdn എന്നിവ പ്രകാരം സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടിയിരുന്നത് എന്നതിനാലാണ് ഹർജിക്കാരന്റെ നിയമനം അംഗീകരിക്കാതെയിരുന്നത്. എന്നാൽ, ടിയാന്റെ നിയമനസമയത്ത് ഡെപ്യൂട്ടി ഡയറക്ടർ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് മാനേജർക്കു ലഭ്യമാക്കിയിട്ടില്ല എന്ന് ബഹു.ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**8)** നദീറ Vs കേരള സർക്കാർ എന്ന കേസിലെ വിധിയനുസരിച്ച് ഇത്തരം സ്കൂളുകളിൽ നിയമനം നടത്തുന്ന സമയത്ത് സംരക്ഷിതാദ്ധ്യാപകർ ഇല്ലായിരുന്നെങ്കിലോ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് ലഭ്യമാക്കിയിരുന്നില്ലെങ്കിലോ, നിയമനത്തീയതി മുതൽതന്നെ അംഗീകാരം നല്കാവുന്നതാണ്. സംരക്ഷിത അധ്യാപകനെ നിയമിച്ച തീയതി മുതല്ക്കേ അംഗീകാരം നല്കാൻ നിർവ്വാഹമുള്ളൂ എന്ന നിലപാട് ഉണ്ടെങ്കിൽപോലും അത് 19/11/2009-ലെ 38929/ജെ.1/2009 സർക്കുലർ പുറപ്പെടുവിച്ച തീയതി മുതലേ ഫലപ്രദമായി ബാധകമാക്കാൻ കഴിയൂ. ടിയാന്റെ നിയമനസമയത്ത് ഡെപ്യൂട്ടി ഡയറക്ടർ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് മാനേജർക്കു ലഭ്യമാക്കിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(അറബിക്) ശ്രീ.ഷിഹാബുദ്ദീന്റെ നിയമനം നിയമനത്തീയതിയായ 22.07.2004 മുതൽ തുടർച്ചയായി അംഗീകരിക്കാവുന്നതാണ്.

**9)** മേൽ സാഹചര്യത്തിൽ, തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(അറബിക്) ശ്രീ.ഷിഹാബുദ്ദീന്റെ നിയമനം നിയമനത്തീയതിയായ 22.07.2004 മുതൽ തുടർച്ചയായി അംഗീകരിച്ച് ടിയാന് സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നല്കി, തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(അറബിക്) ശ്രീ.ഷിഹാബുദ്ദീൻ ഇ.പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22012/2022-ന്റെ 17.01.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ശ്രീ.ഷിഹാബുദ്ദീൻ ഇ.പി., എച്ച്.എസ്.ടി. (അറബിക്),

പി.ടി.എം.ഹൈസ്കൂൾ, തൃക്കടീരി

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (16/01/2025-ലെ GE-JA3/518 /2024-G.EDN പ്രകാരം)

വിവര പൊതുജനസമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (B2/35/2024/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 01-04-2025 12:17:54

സെക്ഷൻ ഓഫീസർ